**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1485** **10-10-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിടങ്ങളുടെയും വസ്തുവകകളുടെയും നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിൽ മൂക്കന്നൂർ, തുറവൂർ, കറുകുറ്റി വില്ലേജ് പരിധിയിൽ 03.05.2024-ന് അങ്കമാലി പോലീസ് വെടിമരുന്ന് നിർവ്വീര്യമാക്കുന്ന സമയത്ത് ഉണ്ടായ പൊട്ടിത്തെറിയിൽ കേടുപറ്റിയ കെട്ടിടങ്ങളുടെയും വസ്തുവകകളുടെയും നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര വീടുകളുടെയും രൂപയുടെയും നഷ്ടമാണ് ഉണ്ടായതെന്ന വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | എറണാകുളം ജില്ലയിൽ ആലുവ താലൂക്ക് മൂക്കന്നൂർ വില്ലേജ് മഞ്ഞക്കാട് പാറമടയിൽ സ്ഫോടക വസ്തുക്കൾ നിർവീര്യമാക്കുന്നതിനിടെ നടന്ന സ്ഫോടനത്തിൽ കേടുപാടുകൾ സംഭവിച്ച വീടുകൾക്ക് ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് LSGD എൻജിനിയറുടെ സ്ഥലപരിശോധന റിപ്പോർട്ട് പ്രകാരം 44 വീടുകളുടെ നാശനഷ്ടകണക്കുകൾ ശതമാനടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. വീടുകളുടെ നാശനഷ്ടം 15 ശതമാനത്തിൽ താഴെയാണ്. |
| (ബി) | പ്രസ്തുത വിഷയത്തിൽ നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ നൽകാമെന്നത് വ്യക്തമാക്കാമോ? | (ബി) | ടി വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. സത്വര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ